ട്രൈബ്യൂണൽ ആഫീസുകളിലും സമയ ബന്ധിതമായി പരിശോധിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് ഭൂപരിഷ്കരണനിയമം 72-ാം വകുപ്പു അനുസരിച്ച് (കുടിയായ്മ) 24,102 കേസ്സുകളിലും 80 ബി വകുപ്പ് അനുസരിച്ച് (കുടികിടപ്പ്) 4,893 കേസ്സുകളും വിവിധ ലാന്റ് ട്രൈബ്യൂണലുകളിലായി തീർക്കാൻ ബാക്കിയുണ്ട്. 125)3) വകുപ്പനുസരിച്ച് (റഫറൻസ് കേസ്സുകൾ) 284 കേസ്സുകൾ മാത്രമാണ് തീർപ്പാക്കാൻ ഇനി ബാക്കിയുള്ളത്. കൂടാതെ അപ്പലേറ്റ് അതോറിറ്റികളിൽ 1996 അപ്പീൽ കേസ്സുകൾ തീർപ്പാക്കുന്നതിനായി ബാക്കിയുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം എല്ലാ ലാന്റ് ട്രൈബ്യൂണലുകൾക്കും, അപ്പലേറ്റ് അതോറിറ്റികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ ലാന്റ് ട്രൈബ്യൂണലുകളുടേയും, അപ്പലേറ്റ് അതോറിറ്റികളുടേയും കോൺഫറൻസ് വിളിച്ചു കൂട്ടുകയും ബഹു. സി.എസ്. രാജൻ കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേസ്സ് തീർപ്പാക്കുന്നതിന്റെ പുരോഗതി സംസ്ഥാന ലാന്റ് ബോർഡ് ഓരോ മാസവും അവലോകനം ചെയ്യുകയും ട്രൈബ്യൂണലുകൾക്കും, അപ്പലേറ്റ് അതോറിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളും ലാന്റ് ബോർഡ് നേരിട്ടു പരിശോധിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തിവരുന്നു.

ദേശീയതലത്തിൽ തദ്ദേശഭരണ കമ്മിഷൻ

11 (*481)ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ തദ്ദേശഭരണ കമ്മിഷനെ നിയമിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരമൊരു നിർദ്ദേശം ഉന്നയിക്കുവാനുണ്ടായ കാരണം വിശദമാക്കുമോ ;

(സി) ഈ വിഷയത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് എന്ത് മറുപടി ലഭിച്ചുവെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ)&(ബി) ഭരണഘടന ഭേദഗതിക്കുശേഷം വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിൽ വന്നിട്ടുള്ള നേട്ടങ്ങളെയും കോട്ടങ്ങളെയും ഉന്നതതലത്തിൽ അവലോകനം ചെയ്യുന്നതിന് ഒരു ലോക്കൽ ഗവൺമെന്റ് കമ്മിഷൻ രൂപീകരിക്കുന്നതിന് കൗൺസിൽ ഫോർ ലോക്കൽ ഗവൺമെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മറുപടി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly